## ജി എച്ച് എസ് എസ് പുറത്തൂർ

# കൈറ്റ് ന്യൂസ്

## വാർത്താപത്രിക

**ആഗസ്റ്റ് 2019** **ലിറ്റിൽകൈറ്റ്സ് 2019**

# ജി എച്ച് എസ് പുറത്തൂർ അന്താരാഷ്ട്ര നിലവാരത്തിലേക്ക്

**സ്വന്തം ലേഖകൻ**

പുറത്തൂർ: പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഭൗതിക സാഹചര്യങ്ങളുടെ മികവിനായി അനുവദിച്ച അഞ്ച് കോടി രൂപ ഉപയോഗിച്ച് നിർമിച്ച ഹൈടെക് ബ്ലോക്കുകളുടെ ഉദ്ഘാടനം ജൂലൈ 6 ന 2 മണിക്ക് നടന്നു. ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.കെ ടി ജലീലിന്റെ അധ്യക്ഷതയിൽ ബഹു. കേരള നിയമ സഭാ സ്പീക്കർ ശ്രീ. പി.ശ്രീരാമകൃഷ്ണൻ നിർവഹിച്ചു. പൊന്നാനി ലോകസഭാ എം. പി. ശ്രീ ഇ. ടി. മുഹമ്മദ് ബഷീർ, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഇ. പി. ഉണ്ണികൃഷ്ണൻ എന്നിവർ മുഖ്യാഥിതികളായിരുന്നു. കൂടാതെ



രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പല പ്രമുഖരും പങ്കെടുത്ത ചടങ്ങിൽ പി. ടി. എ. പ്രസിഡണ്ട് ശ്രീ. ജി. രാമകൃഷ്ണൻ സ്വാഗതവും സ്കൂൾ പ്രിൻസിപ്പൽ ശ്രീ. ക്രിസ്തുദാസ് നന്ദിയും പറഞ്ഞു. ഭൗതിക സാഹചര്യങ്ങൾക്കൊപ്പം അക്കാദമിക നിലവാരവും ഉയർന്നാൽ മാത്രമേ ഹൈ ടെക് എന്ന വാക്ക് പൂർണമാകൂ എന്ന് മന്ത്രി ഓർമിപ്പിച്ചു. സ്കൂളിലെ പൂർവവിദ്യാർത്ഥി സംഘടനയുടെ ലോഗോ പ്രകാശനവും സ്കൂളിനെ കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി പ്രകാശനവും ഇടോടൊപ്പം നടന്നു. കഴിഞ്ഞ SSLC, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികളെയും ചടങ്ങിൽ ആദരിച്ചു. ലോഗോ തയ്യാറാക്കിയ അസ്‌ലം മാസ്റ്റർ കെട്ടിടത്തിന്റെ കോൺട്രാക്ടർ, സൂപ്പർവൈസർ എന്നിവരെയും സ്കൂളിന്റെ സ്ഥലം മാറിപ്പോയ ഹെഡ്മാസ്റ്റർ ശ്രീ. സുരേഷ് ബാബുവിനും ചടങ്ങിൽ മൊമെന്റോ നൽകി ആദരിച്ചു. പൂർവ വിദ്യാർഥി സംഘടനയുടെ നേതൃത്വത്തിൽ ഗാനമേളയും അരങ്ങേറി.

### ഉദ്ഘാടനം പകർത്താൻ കൈറ്റ് ക്യാമറാമാൻ

ഉദ്ഘാടന ചടങ്ങ് ക്യാമറയിൽ പകർത്തിയത് ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ആയിരുന്നു. ക്യാമറ കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ച കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ആയിരുന്നു ഉല്ഘാടന ചടങ്ങുകൾ ക്യാമറയിൽ പകർത്തിയത്.





### ലിററിൽ കൈററ്സ് ക്യാമ്പ്

കഴിഞ്ഞ വർഷം ലിററിൽ കൈററിലേക്കു തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. കൈറ്റ് മാസ്റ്റർ ട്രെയ്നർ ജയകൃഷ്ണൻ മാസ്റ്റർ കുട്ടികൾക്ക് പരിശീലനം നൽകി. എട്ടാം ക്ലാസ്സിൽ നിന്ന് ഇരുപത്തി നാല് കുട്ടികളെ ലിററിൽ കൈററ്സിലേക്കു പുതിയതായി തിരഞ്ഞെടുത്തു. പ്രവേശന പരീക്ഷ നടത്തിയതിനു ശേഷമാണ് കുട്ടികളെ തിരഞ്ഞെടുത്തത്.

# ഈ വർഷത്തെ നേട്ടങ്ങൾ, മികവുകൾ



സംസ്ഥാന തല ബോക്സിങ് ചാമ്പ്യൻ ഷിപ്പിൽ
വെള്ളി മെഡൽ നേടിയ അർജ്ജുൻ




SSLCപരീക്ഷയിൽ 99 % വിജയവുമായി സ്കൂൾ ചരിത്ര നേട്ടം കൈവരിച്ചു. പരീക്ഷ എഴുതിയ 385 കുട്ടികളിൽ 381 പേരും വിജയിച്ചു. 17 കുട്ടികൾക്ക് മുഴവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. 12കുട്ടികൾക്ക് 9 എ പ്ലസും 13 കുട്ടികൾക്ക് 8 എ പ്ലസും ലഭിച്ചു. ഉല്ഘാടന ചടങ്ങിൽ മുഴവൻ വിജയികളെയും മൊമെന്റോ നൽകി ആദരിച്ചു.

**പുതിയ അതിഥി**



പുറത്തൂർ ഹൈസ്കൂളിലെ പുതിയ അതിഥി ആയ സ്കൗട്ട് ആൻഡ് ഗൈഡ്സ് പദ്ധതി പ്രവർത്തനം ആരംഭിച്ചു. എട്ടാം ക്ലാസിൽ പുതിയതായി ചേർന്ന കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നത്. ഇതോടെ കുട്ടികൾക്കായി ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള എസ് പി സി, ജെ ആർ സി, ലിററിൽ കൈററ്സ്, തുടങ്ങി എല്ലാ പദ്ധതികളും സ്കൂളില് നടപ്പിലായിരിക്കുകയാണ്.




ഗാന്ധി ദർശൻ ജില്ലാതല പ്രബന്ധരചന
രണ്ടാം സ്ഥാനം ശ്രീഷ്ണ

# ദിനാചരണങ്ങൾ, പ്രധാന പരിപാടികൾ

## ചാന്ദ്രദിനം




വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ചാന്ദ്ര ദിനാഘോഷം സംഘടിപ്പിച്ചു. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പുതിയതായി പണികഴിച്ച സെമിനാർ ഹാളിൽ ചാന്ദ്രയാത്രയുടെ വീഡിയോപ്രദർശനം നടന്നു. ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഇംഗ്ലീഷിൽ ലൂണാർ മൾട്ടിമീഡിയ ക്വിസ് സംഘടിപ്പിച്ചു.

## അന്താരാഷ്ട്ര യോഗ ദിനം



കുട്ടികൾക്കു യോഗ ക്ലാസു നൽകിയും ബോധവത്കരണ ക്ലാസു സംഘടിപ്പിച്ചും അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു.



വായനാ വാരത്തിന്ന തുടക്കം കുറിച്ച് പുസ്തക പ്രദർശനം, പ്രശ്നോത്തരി, പ്രഭാഷണം, പ്രസംഗ മത്സരം, കഥാ രചന തുടങ്ങി വിദ്യാരംഗം ക്ലബ്ബിൻെറ നേതൃത്വത്തിൽ ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചു.



**കയ്യെഴുത്തുമാസിക പ്രകാശനം**



ലഹരി വിരുദ്ധ പ്രതിജ്ഞ



വായനാമത്സരം